# തങ്കച്ചന് തെങ്ങ് ഒരു ചെറിയ മരമല്ല, മാസം 30,000 രൂപയാണ്




തങ്കച്ചൻ തെങ്ങിൽ കയറുന്നു

**അർജുൻബാലു**

തൃശൂർ: ഞാൻ തങ്കച്ചൻ. വയസ് 50. ഇക്കണോമിക്സ് ബിരുദധാരി. കട്ടിലപ്പൂവം സ്വദേശി. പുതിയ ജോലിക്ക് കയറിയിട്ട് രണ്ട് വർഷം. മാസ ശമ്പളം 30,000 രൂപ.

ഏത് കമ്പനിയിലാ ചേട്ടാ ജോലി?

വലിയ കമ്പനിയാ. കേരം തിങ്ങും കേരള ലിമിറ്റഡ്. കേരകേളീസദനം. ജോലി തെങ്ങു കയറ്റം.

തെങ്ങ് കയറിയാൽ ഇത്രേം കാശ് കിട്ടുമോ?

"ഒരു ദിവസം പത്ത് നാൽപ്പത് തെങ്ങിൽ കയറും. ഒരു തെങ്ങിന് 40 രൂപ കൂലി. ചിലവെല്ലാം കഴിച്ച് ദിവസം 1000 രൂപയെങ്കിലും മിച്ചമുണ്ട്. മുടക്കു മുതൽ ഇല്ല. കൃഷി വിജ്ഞാന കേന്ദ്രം സൗജന്യമായി തെങ്ങു കയറ്റ യന്ത്രം തന്നു. മത്സരം ഇല്ലാത്ത ജോലിയാണ്. അല്പം മനോധൈര്യവും ആത്മാർത്ഥയും മതി".

പരാജയങ്ങളിൽ നിന്നാണ് തങ്കച്ചൻ വിജയത്തിലേക്ക് പിടിച്ച് കയറിയത്. ആദ്യം ലെറ്റർ ടൈപ്പ് പ്രസ് നടത്തി. ഓഫ്സെറ്റും ഡി.ടി.പിയുമൊക്കെ വന്നതോടെ അത് പൂട്ടി. പിന്നെ കാസറ്റ് ലൈബ്രറി നടത്തി. അതും പച്ച തൊട്ടില്ല. ഓട്ടോ ഓടിച്ചു. മക്കളുടെ പഠിപ്പും ജീവിതച്ചിലവും താങ്ങാനാവാതെ വിഷമിച്ചപ്പോഴാണ് ഒരു പത്ര വാർത്ത കണ്ടത്. കൃഷി വിജ്ഞാന കേന്ദ്രത്തിൽ തെങ്ങു കയറ്റ പരിശീലനം നൽകുന്നു. ആ വാർത്ത തങ്കച്ചന്റെ ജീവിതം മാറ്റി മറിച്ചു. രണ്ടാഴ്ചത്തെ പരിശീലനം. ജോലി തുടങ്ങിയപ്പോൾ ആദ്യം വീട്ടുകാർക്ക് എതിർപ്പായിരുന്നു. പിന്നെ അത് മാറി.

പുതിയ ജോലിയിൽ തങ്കച്ചൻ പക്കാ പ്രൊഫഷണൽ ആണ്. ആരെങ്കിലും തെങ്ങ് കയറാൻ വിളിച്ചാൽ അത് ഡയറിയിൽ കുറിച്ചിടും. കൃത്യ സമയത്ത് എത്തും. പറ്റിയില്ലെങ്കിൽ വിളിച്ച് അറിയിക്കും. തെങ്ങു കയറിയാൽ തേങ്ങ മാത്രമല്ല ഉണങ്ങിയ പട്ടയും കൊതുമ്പും കൂടി ഇട്ടു കൊടുക്കും. തെങ്ങിന് രോഗം ഉണ്ടെങ്കിൽ അതും പറയും. തെങ്ങ് പരിപാലനത്തെക്കുറിച്ച് ഒരു ചെറിയ ക്ലാസും നടത്തിയിട്ടേ തങ്കച്ചൻ പോകൂ. ഭാര്യ വത്സ. മക്കൾ നീനു, സിനി, എൽദോസ്. തങ്കച്ചന്റെ ഫോൺ 9744422557